III നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2004-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2004-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

(സഭ വിട്ടു പുറത്തുപോയ പ്രതിപക്ഷമെമ്പർമാർ സഭയിൽ പ്രവേശിച്ചു.)

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനായി 21 പുതിയ ഇനങ്ങൾക്കുകൂടി രണ്ട് ഘട്ടങ്ങളിലായി നികുതി ഏർപ്പെടുത്താനുള്ള നിർദ്ദേശങ്ങളാണ് 2004-ലെ ധനകാര്യ ബില്ലിലുള്ളത്. നിയമസഭയുടെ വിഷയ നിർണ്ണയ സമിതി ഇക്കാര്യം വിശദമായി ചർച്ച ചെയ്യുകയുണ്ടായി. ഈ നിർദ്ദേശംമൂലം നിരവധി ചെറുകിട വ്യാപാരികൾക്ക് പല ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതിനാലും 2005 ഏപ്രിൽ മാസത്തിൽ "വാറ്റ്" ഏർപ്പെടുത്തുന്നതോടെ ഈ നിർദ്ദേശത്തിന് പ്രസക്തിയില്ലാത്തതിനാലും വളരെയേറെ ചെറിയ ഒരു കാലയളവിലേക്ക് മാത്രമായി നികുതി നടപ്പിലാക്കുന്നതിനായിട്ടാണ് സമിതി ശുപാർശ ചെയ്തിട്ടുള്ളത്. സമിതിയുടെ ഈ ശുപാർശ സ്വീകരിക്കുന്നു. ചില നിശ്ചിത ഖാദി വ്യവസായ ഉല്പന്നങ്ങൾക്ക് നേരത്തെ നികുതിയിളവ് നൽകിയിരുന്നു. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിപ്രകാരം അത് റദ്ദാക്കിയിരിക്കുകയാണ്. ഇതുമൂലം ഖാദി-ഗ്രാമ വ്യവസായങ്ങൾ വളരെയേറെ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനായി 50 ലക്ഷംരൂപവരെ വാർഷിക വിറ്റുവരവുള്ള രജിസ്റ്റേർഡ് ഖാദി-ഗ്രാമ വ്യവസായങ്ങളെ വിൽപ്പന നികുതിയിൽ നിന്നും ഒഴിവാക്കുന്നതാണ്. സംസ്ഥാനത്തെ ചെറുകിട ഉൽപ്പാദകരെ പ്രോൽസാഹിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി സംസ്ഥാനത്തിനകത്ത് യന്ത്രോപകരണങ്ങൾ ഉപയോഗിക്കാതെ കൈകൊണ്ടുമാത്രം ഉൽപ്പാദിപ്പിക്കുന്ന സോപ്പിനെ വിൽപ്പന നികുതിയിൽനിന്ന് ഒഴിവാക്കുന്നതാണ്. സംസ്ഥാനത്തെ നിരവധി ചെറുകിട ചന്ദനത്തിരി ഉൽപ്പാദകരുടെ നിവേദനങ്ങൾ കണക്കിലെടുത്ത് ചന്ദനത്തിരിയെ വിൽപ്പന നികുതിയിൽനിന്ന് ഒഴിവാക്കുന്നതാണ്. സംസ്ഥാനത്തുള്ള ക്ഷീരോൽപ്പാദകർ ഉൽപ്പാദിപ്പിക്കുന്ന സംഭാരത്തിന് വിൽപ്പനനികുതി 8 ശതമാനത്തിൽനിന്ന് 4 ശതമാനമായി കുറവുചെയ്യുന്നതാണ്. സംസ്ഥാനത്തുള്ള ചെറുകിട

LIBRARY ARCHIVES Kerala Legislative Assembly

ബിസ്ക്കറ്റ് ഉൽപ്പാദകർക്ക് വൻകിട കമ്പനികളുമായുള്ള മൽസരംകാരണം വളരെയധികം ബുദ്ധിമുട്ടുകളുണ്ട്. ഈ മേഖലയെ പ്രോൽസാഹിപ്പിക്കുന്നതിനായി സംസ്ഥാനത്തിനകത്ത് ഉത്പാദിപ്പിക്കപ്പെടുന്ന ബിസ്ക്കറ്റിൻമേലുള്ള വിൽപ്പന നികുതി 8 ശതമാനത്തിൽനിന്ന് 4 ശതമാനമായി കുറവുചെയ്യുന്നതാണ്. വയനാട്ടിലും മറ്റ് പ്രദേശങ്ങളിലും കൃഷിക്കാർ നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങൾ കണക്കിലെടുത്ത് സംസ്ഥാനത്തിനകത്ത് ഉൽപ്പാദിപ്പിക്കുന്ന ഇഞ്ചിയെ വിൽപ്പന നികുതിയിൽനിന്നും ഒഴിവാക്കുന്നതാണ്. കാർഷിക രംഗത്തെ വിവിധ പ്രശ്നങ്ങൾ പരിഗണിച്ച് പ്ളാന്റേഷൻ മേഖലയിൽ ജലസേചനത്തിനായി ഉപയോഗിക്കുന്ന സ്പ്രിംഗ്ളറിന്റെ വിൽപ്പന നികുതി 4 ശതമാനമായി കുറയ്ക്കുന്നതാണ്. കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന റബ്ബറിന്റെ ഭൂരിഭാഗവും അന്യസംസ്ഥാനങ്ങളിലെ വ്യാപാരികളും വ്യവസായികളുമാണ് വാങ്ങുന്നത്. റബ്ബർ ഭാഗികമായി മാത്രം സംസ്കരിച്ചതിനു ശേഷം സംസ്ഥാനത്തിന് പുറത്തേക്ക് റബ്ബർ ഷീറ്റ്, crumb rubber, scrap rubber തുടങ്ങിയ ഉൽപ്പന്നങ്ങളായിട്ടാണ് കൊണ്ടുപോകുന്നത്. ഇവയ്ക്ക് സംസ്ഥാനത്തിനകത്ത് ഏറ്റവും അവസാനം വിൽപ്പന നടത്തുന്ന ഘട്ടത്തിൽ നികുതി ഈടാക്കുന്നുണ്ട്. ഇതുമൂലം റബ്ബർപാൽ വാങ്ങി ഭാഗികമായി സംസ്കരണം ചെയ്യുന്നവർക്ക് നികുതി ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ ചില നിയമപ്രശ്നങ്ങൾ കാരണം രണ്ട് ഘട്ടത്തിലും നികുതി ചുമത്തുന്ന സ്ഥിതിവിശേഷം ഇപ്പോഴുണ്ട്. കഴിഞ്ഞ ബഡ്ജറ്റിൽ 2001 ഒക്ടോബർ വരെ ഈ ഇനത്തിലുള്ള പിരിച്ചെടുക്കാത്ത നികുതി ഒഴിവാക്കിയിരുന്നു. എന്നാൽ ഇതുകൊണ്ടും പ്രശ്നത്തിന് പരിഹാരമായിട്ടില്ല. ഇതിനായി വിൽപ്പന നികുതി നിയമത്തിലെ ബന്ധപ്പെട്ട പട്ടികയിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതാണ്. പാലിനും പാസ്ചറൈസ്ഡ് പാലിനും നാളിതുവരെ നികുതി ചുമത്തിയിരുന്നില്ല. ചില നിയമപ്രശ്നങ്ങൾ കാരണം ഒരു കാലയളവിൽ പാസ്ചറൈസ്ഡ് പാലിന് നികുതിവിധേയമായി നിരവധി സഹകരണസംഘങ്ങൾ ഉൾപ്പെടെയുള്ള സഹകരണ സംഘങ്ങളിലെ ക്ഷീരോൽപ്പാദകർ ഈ നികുതി പിരിച്ചിട്ടില്ല. എന്നാൽ ഇപ്പോൾ ഈ നികുതി നൽകണമെന്നതുമൂലം അവർ വളരെ ബുദ്ധിമുട്ട് നേരിടുന്നു. ഇത് പരിഹരിക്കുന്നതിനായി ഈ ഇനത്തിൽപ്പെട്ട ക്ഷീരോൽപ്പാദകർ ബന്ധപ്പെട്ട കാലയളവിനപ്പുറത്ത് എടുത്ത നികുതിയിൽനിന്ന് അവരെ ഒഴിവാക്കേണ്ടതാണ്. ആശുപത്രികളിൽ ചികിൽസയുടെ ഭാഗമായി നൽകുന്ന മരുന്നുകൾക്കും അനുബന്ധ വസ്തുക്കൾക്കും വിൽപ്പന നികുതി ഇളവ് നൽകിയിട്ടുണ്ട്. എന്നാൽ ചെറിയ ആശുപത്രികളും ക്ളിനിക്കുകളും നടത്തുന്നവർ ചില വ്യവസ്ഥകൾക്ക് വിധേയമായി വിൽപ്പന നികുതി അനുസരിച്ചിട്ടുള്ള രജിസ്ട്രേഷൻ ഏർപ്പെടുത്തേണ്ടതായിട്ടുണ്ട്. ഈ മേഖലയിലുള്ള വിവിധ ഭിഷഗ്വരന്മാരുടെ നിവേദനങ്ങൾ കണക്കിലെടുത്ത് ഇവർക്കുള്ള രജിസ്ട്രേഷൻ സമ്പ്രദായം ലഘൂകരിക്കുന്നതാണ്. ഇതിനുപുറമേ ഇവർ നൽകേണ്ട ആനുകാലിക റിട്ടേൺ ആറുമാസത്തിൽ ഒരിക്കൽമാത്രം മതിയെന്ന് വ്യവസ്ഥചെയ്യുന്നതാണ്. ഈ പുതുതായിട്ടുള്ള മാറ്റങ്ങളും നികുതിയിളവും ഗവൺമെന്റ് പ്രഖ്യാപിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. പി. ജെ. ജോയി]

ഡോ. തോമസ് ഐസക്: സർ, ഇപ്പോൾ ഈ ഫൈനാൻസ് ബില്ലിനെക്കുറിച്ച് ചർച്ച തുടങ്ങുമ്പോൾ സെക്രട്ടേറിയറ്റിന് മുന്നിലും കൊല്ലം കളക്ടറേറ്റിനു മുന്നിലും

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാർത്ഥികളുടെമേൽ അതിക്രൂരമായ മർദ്ദനം പോലീസ് അഴിച്ചുവിട്ടിരിക്കുകയാണ്. മാത്രമല്ല രജനിയെന്ന വിദ്യാർത്ഥിനിയുടെ സ്മരണയെത്തന്നെ കളങ്കപ്പെടുത്തുംവിധം, അപമാനിക്കുംവിധം കേരള മന്ത്രിസഭയിലെ രണ്ട് മന്ത്രിമാർ തുടർച്ചയായി നടത്തുന്ന ദുരാരോപണങ്ങളെക്കുറിച്ചും ദുഃസൂചനകളെക്കുറിച്ചും ഖേദം പ്രകടിപ്പിക്കുവാനോ അവ പിൻവലിക്കുവാനോ പ്രതിപക്ഷം ഈ നിയമസഭയിൽ ആവശ്യപ്പെട്ടതുപോലെ അവർ തയ്യാറായിട്ടില്ല. അതുപോലെ ശ്രീ. ആര്യാടൻ മുഹമ്മദിന്റെ പരാമർശം വളരെ ഖേദകരമായിപ്പോയി. രണ്ട് ദിവസം ഈ പെൺകുട്ടി എവിടെപോയിയെന്ന് വളരെ ദുഃസൂചനയോടുകൂടി ഈ സഭയിൽ പത്രറിപ്പോർട്ട് വായിക്കുന്ന രൂപേണ അദ്ദേഹം ചോദ്യം ഉന്നയിക്കുകയുണ്ടായി. അതുകൊണ്ട് ഈ മന്ത്രിമാരെ മാറ്റിനിർത്തി അന്വേഷണം നടത്തണമെന്നുള്ള ഞങ്ങളുടെ ആവശ്യം നിഷേധിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ ധനകാര്യബില്ലിന്റെ ചർച്ചയിൽ പങ്കെടുക്കുന്നതിന് ഞങ്ങൾ ആഗ്രഹിക്കുന്നില്ല. ഈ ചർച്ച ഞങ്ങൾ ബഹിഷ്ക്കരിക്കുകയാണ്.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം മുഴക്കിക്കൊണ്ട് ശേഷിക്കുന്ന സഭാനടപടികൾ ബഹിഷ്ക്കരിച്ച് സഭവിട്ടുപുറത്തുപോയി.)

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള ധനകാര്യബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചതിലുണ്ടോയെന്ന് വ്യക്തമായി അറിഞ്ഞുകൂടാ. രണ്ട് കാര്യം ഞാൻ സൂചിപ്പിക്കുന്നു. ടാക്സ് കിട്ടേണ്ട സംഗതികൾ പറഞ്ഞകൂട്ടത്തിൽ മണ്ണെണ്ണയുടേയും എൽ. പി. ജി.യുടേയും വില സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. മണ്ണെണ്ണയുടെ കാര്യത്തിൽ പറഞ്ഞിട്ടുള്ളത്, 24 ശതമാനം എന്നതാണ്. അതൊക്കെ സാധാരണക്കാരന് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമാണ്. മണ്ണെണ്ണയുടെ കാര്യത്തിൽ പുനഃപരിശോധന വേണം. അത് 12 ശതമാനമാക്കി ചുരുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. എൽ. പി. ജി.-യുടെ കാര്യം സാധാരണക്കാരെ ബാധിക്കുന്ന വളരെ പ്രധാനപ്പെട്ട സംഗതിയാണ്. 22 ശതമാനം എന്നാണ് കാണിച്ചിട്ടുള്ളത്. അത് പകുതിയായി ചുരുക്കണമെന്നാണ് അഭ്യർത്ഥിക്കുവാനുള്ളത്. Soaps other than hand made എന്നുപറഞ്ഞിട്ടുണ്ട്. സോപ്പ് മാത്രമല്ല. സോപ്പുപൊടിയും hand made ആണ്. അങ്ങനെയാണെങ്കിൽ മാത്രമേ അതിന്റെ ഉദ്ദേശ്യം നിറവേറ്റുകയുള്ളൂ. അതുകൊണ്ട് അതുംകൂടി ഇതിൽപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. മറ്റ് കാര്യങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. ഗവൺമെന്റിന്റെ സാമ്പത്തിക മാനേജുമെന്റിനെ സംബന്ധിച്ച് ധാരാളം കാര്യങ്ങൾ പറയുവാനുണ്ട്. പ്രതിപക്ഷം ഇവിടെ ഇല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ എല്ലാ പ്രസ്താവനകളും സത്യത്തിൽ അവരെ നിരായുധരാക്കിയിരിക്കുകയാണ്. അവർ ഇപ്പോൾ ഇറങ്ങിപ്പോയി. എന്തെങ്കിലും പുതിയ സംഗതി കിട്ടുമോയെന്ന് അന്വേഷിച്ചുപോവുകയാണ്. ഉണ്ടാക്കിവച്ച എല്ലാകാര്യങ്ങളെ സംബന്ധിച്ചും മുഖ്യമന്ത്രി ഇവിടെ പറഞ്ഞത് അവരെ അക്ഷരാർത്ഥത്തിൽ നിരായുധരാക്കിക്കഴിഞ്ഞിരിക്കുകയാണ്. മറ്റ് കാര്യങ്ങളെപ്പറ്റി ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

വിശദീകരിക്കുന്നില്ല. കുറേ കാര്യങ്ങൾകൂടി പറയാനുണ്ട്. ഇവിടെ മറ്റ് പലരും ചർച്ചയിൽ പങ്കെടുക്കും. ഈ നിർദ്ദേശങ്ങൾ വച്ചുകൊണ്ട് മെച്ചപ്പെട്ട സാമ്പത്തിക മാനേജുമെന്റിലേയ്ക്ക് മെല്ലെമെല്ലെ ഗവൺമെന്റ് നീങ്ങിക്കൊണ്ടിരിക്കുന്നതിനെ സ്വാഗതം ചെയ്യുന്നു.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള ധനകാര്യബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ച ചില ഭേദഗതികളുണ്ട്. കൈകൊണ്ടുണ്ടാക്കുന്ന സോപ്പ്, ചന്ദനത്തിരി, കർഷകർ ഉൽപ്പാദിപ്പിക്കുന്ന പാല്, സംസ്ഥാനത്ത് ബഹുരാഷ്ട്ര കമ്പനികളെ വെല്ലുവിളിച്ചുകൊണ്ട് നിർമ്മിക്കുന്ന ബിസ്ക്കറ്റ്, ഇഞ്ചിയുടെ സെയിൽസ് ടാക്സ് ഒഴിവാക്കുമെന്ന പ്രഖ്യാപനം, റബ്ബറിന്റെ രണ്ടാംഘട്ട നികുതി ഭേദഗതി ചെയ്യുമെന്ന നിർദ്ദേശം, പാലും പാസ്ചറൈസ്ഡ് പാലും സംബന്ധിച്ച് പിരിച്ചെടുക്കാത്ത നികുതി ഇതുവരെ പിരിച്ചെടുക്കാതിരുന്നതുകൊണ്ട് അത് ഒഴിവാക്കുമെന്ന പ്രഖ്യാപനം, ചെറിയ ആശുപത്രികൾക്കും ക്ളിനിക്കുകൾക്കും അധികമായി നൽകിയ വാഗ്ദാനങ്ങൾ ഇതൊക്കെ സ്വാഗതം ചെയ്യുകയാണ്. എൽ. പി. ജി.-യുടെ നികുതി 22 ശതമാനം എന്നത് 10 ശതമാനമായി കുറയ്ക്കണമെന്ന നിർദ്ദേശം വെക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2-ാം വകുപ്പ്

മി. ചെയർമാൻ: താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.

Shri Johny Nelloor: Sir, I move the following amendments:

(105) In section 16B(1A) of Act 35 of 1958 proposed to be amended by clause 2 (2) the words, "three hundred rupees" shall be substituted by "two hundred rupees".

(118) In sub clause (a) and (b) of section 16C of Act 35 of 1958 proposed to be inserted by clause 2(3) for the words "One hundred and fifty rupees" the words "One hundred rupees" and "Two hundred rupees" respectively shall be substituted.

(134) In section (1A) of section 20 A of Act 35 of 1958 proposed to be amended by clause 2(4) the words "seven hundred rupees" shall be substituted by the words "five hundred rupees".

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, മണ്ണെണ്ണയുടെ നികുതി നിരക്ക് വർദ്ധിപ്പിച്ചത്, ഇറക്കുമതി ചെയ്ത മണ്ണെണ്ണ ഉപയോഗിച്ച് ഡീസലിൽ മായം ചേർക്കുന്നത് തടയാനാണ്. റേഷൻ മണ്ണെണ്ണയ്ക്ക് നിലവിലുള്ള നികുതി 12 ശതമാനം മാത്രമാണ്. അതുകൊണ്ട് അതിൽ വലിയ ബുദ്ധിമുട്ടുകളൊന്നും ഉണ്ടാകുകയില്ല. ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ചെയർമാൻ: ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ജോണി നെല്ലൂർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

Prof. A. D. Musthafa: Sir, I move the following amendments:

(153) In section 2 (vi a) of the principal Act proposed to be amended by clause 3 (1) (i) (vi a) for "any of the forms of" substitute "any form".

(169) Clause 3(i)(iii) shall be recast as follows:-

(iii) after clause (xi) the following clause shall be inserted namely (xi a) fare price means the sales price for the sale of goods fixed by the assessing authority if he has reason to believe that the dealer has practiced under valuation in the sale of goods and the principle for fixing the sale price there of shall be the value or price at which goods of the like kind or quality are sold or capable of being sold in the open market or the price at which those goods or goods of like kind or quality were sold in the open market at the time of practicing under valuation or the price of goods of similar kind or quality collected from the Civil Supplies Corporation or reputed dealers on the date of sale of such goods or the price published by the Statistics Department on the basis of the price of goods of like kind or quality on or proximate to the date of sale of goods practicing under valuation.

LIBRARY ARCHIVES Kerala Legislative Assembly

(171) In section 2(xxvii) proposed to be amended by clause 3(1)(iv)(a) for "labour charges and other service charges" substitute "charges of labour and other services".

(246) In the newly inserted first proviso to section 17(8) of the KGST Act, 1963 proposed to be amended by clause 3(11)(a) for the words 'one year' substitute the words 'six months'.

(252) In section 23(3A) of the KGST Act, 1963 proposed to be substituted by clause 3(13) for the words "tax due thereon on the taxable turn over" substitute "tax thereon or the taxable turnover".

ശ്രീ. കെ. ബാബു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(155) In section 2(vi aa) of the principal Act proposed to be amended by clause 3(1)(i), for "name or work" substitute "name or mark".

(161) In section 2(xi a) of the KGST Act, 1963 proposed to be amended by clause 3(1)(iii) for "collected" substitute "obtained".

(177) In clause 3 after sub clause 2 add the following as sub-clause (2A) namely:

"(2A) Notwithstanding anything contained in this Act, in respect of goods sold under a trade mark or a brand name by a dealer the sale of which is taxable under this Act the tax due and the interest accrued thereon for the period from the 18th day of April 1998 to the 30th day of June 2002 shall stand waived in case such dealer has not collected the tax for the sale of such goods effected by him during the said period".

(228) In the explanation to section 7(7) of KGST Act, 1963 proposed to be substituted by clause 3(7)(ii) for the words "may be notified by the Government", substitute "may be notified in the Gazette by the Government" and for the words (i) "such civil work by means of fixing" substitute "such civil work in the nature of" and for the words (ii) "any other improvement on an existing structure" substitute "any other like improvement to an existing structure".

Shri E.T. Mohammed Basheer: Sir, I move the following amendments:

(165) In section 2 (xi a) of the KGST Act proposed to be amended by clause 3(1)(iii) add the words "of such quality" at the end.

LIBRARY ARCHIVES Kerala Legislative Assembly

(262) In column (4) against Sl.No. 108 (ii) of the first schedule of KGST Act, 1963, proposed to be amended by clause 3(23)(i)(0) the figure '24' shall be substituted by figure '12'.

ശ്രീ. ജോണി നെല്ലൂർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(185) In section 5 B (2) of the KGST Act, 1963 proposed to be inserted by clause 3(4)(ii) the words "rupees five lakh" shall be substituted by the words "rupees ten lakhs".

(201) Section 5 BA (b) of the KGST Act, 1963, proposed to be amended by clause 3(5) shall be substituted as follows:

"(b) On-line lotteries ₹ 5000 for weekly draw per retail outlet" and ₹ 500 for daily draw per retail outlet.

(258) The item 62 of the First Schedule of KGST Act, 1963, proposed to be amended by clause 3(23)(i)(g) shall be recast as follows:

"62. Food including vegetative animal or poultry preparations sold in air tight container and food additives including colour, essence of all kinds and powders or tablets used for making food preparations.	do.	5"

(259) The item 64 of the First Schedule of KGST Act, 1963, proposed to be amended by clause 3(23)(i)(h) shall be recast as follows:

"64. Furniture of all kinds whether sold as finished goods or in completely knocked down form or semi-knocked down form.	do.	5"

(270) The Sl.No. 120 of the First Schedule of KGST Act, 1963 proposed to be amended by clause 3(23) (i)(q) shall be recast as follows:

"120. Readymade garments, hosiery good, bed sheets, towel, pillow cover, napkins and baby diapers.	do.	8"

LIBRARY ARCHIVES Kerala Legislative Assembly

Shri P. K. K. Bava: Sir, I move the following amendment:

(208) In column (3) against Sl.No. 1 of the Table of section 5C of the KGST Act, 1963, proposed to be substituted by clause 3(6) substitute the figure "25" for the figure "20".

Shri Prayar Gopalakrishnan: Sir, I move the following amendments:

(232) Clause 3(8) shall be recast as follows:

"(8) section 12 shall be re-numbered as sub-section (1) of that section and after sub-section (1) as so re-numbered the following sub-section shall be inserted namely-"

(243) After section 14 (3A) of KGST Act, 1963 proposed to be amended by clause 3 (9) (iii) add the following proviso namely: -

"provided that any exhibition, exchange mela or other prize scheme for sales promotion conducted by a dealer at his own licensed business premises during festival occasion shall not attract the provision of this sub-section".

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, മൂന്നാം വകുപ്പിൽ ഒരു ഓറൽ അമെന്റ്മെന്റ് അവതരിപ്പിക്കുന്നു.

In the First Schedule to the Kerala General Sales Tax Act, 1963 proposed to be amended by clause 3(23) (i), in serial Number 123, for the entry "(a) in all natural forms" the entry "(a) in natural and semi processed form not coming under items (b) and (c) below" shall be substituted.

പല അംഗങ്ങളും ഇവിടെയില്ലാത്തതുകൊണ്ട് ആ അമെന്റ്മെന്റുകളെല്ലാം ഞാൻ ഓറലായിട്ട് അവതരിപ്പിക്കുന്നു.

In section 2 (vi aa) of the principal Act proposed to be amended by (1) for "trade mark registered or not registered" substitute "trade mark whether registered or not" (3) add "whether" between "mark" and "registered".

In section 2 (X a) of the KGST Act, 1963 proposed to be amended by clause 3(1)(ii) for the words "title deed and electronic records" substitute the words "title deed and any electronic record".

LIBRARY ARCHIVES Kerala Legislative Assembly

In the first proviso to sub-section 7C of section 7 of KGST Act, 1963 proposed to be substituted by clause 3(7)(iii), for the words "shall collect quarterly certificate" substitute the words "shall obtain quarterly certificate".

In the second proviso to sub-section 7C of section 7 of KGST Act, 1963 proposed to be substituted by clause 3(7)(iii) for the words "as stated above" substitute "as stated in the preceeding proviso".

In section 2(Xia) of the KGST Act, 1963 proposed to be amended by clause 3(1)(iii) for "goods of the kind or quality sold" substitute "goods of the kind or quality are sold".

In section 14 (3A) of the KGST Act, 1963 proposed to be amended by clause 3 (9) (iii) for the words "exhibited at the place" substitute "exhibited at a conspicuous place".

In the new sub-section (8A) of section 17 of the KGST Act, 1963 proposed to be inserted by clause 3(ii)(b) for the words "not extending" substitute the "not exceeding".

എന്റെ വാക്കാൽ ഭേദഗതികൾ അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. പ്രൊഫ. എ. ഡി. മുസ്തഫ അവതരിപ്പിച്ച 153-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. ബാബു അവതരിപ്പിച്ച 155, 161 എന്നീ നമ്പർ ഭേദഗതികളും സ്വീകാര്യമാണ്. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതികളും പ്രൊഫ. എ. ഡി. മുസ്തഫ അവതരിപ്പിച്ച 153-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. ബാബു അവതരിപ്പിച്ച 155, 161 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചു.

പ്രൊഫ. എ. ഡി. മുസ്തഫ അവതരിപ്പിച്ച 169, 171, 246, 252 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മി. ചെയർമാൻ: ശ്രീ. കെ. ബാബു അവതരിപ്പിച്ച 177, 228 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ അവതരിപ്പിച്ച 165, 262 എന്നീ നമ്പർ ഭേദഗതികൾ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 185, 201, 258, 259, 270 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. കെ. കെ. ബാവ അവതരിപ്പിച്ച 208-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ അവതരിപ്പിച്ച 232, 243 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): താഴെ പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

In clause 4(1) for "or any order of any court" substitute "or order of any court".

ശ്രീ. കെ. ബാബു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(283) After clause 4(2) add the following as sub clause (3), namely:-

"(3) Notwithstanding anything contained in the Kerala Provisional Collection of Revenues Act, 1985 or in the Kerala General Sales Tax Act, 1963 or any judgment, decree or order of any court if any registered dealer had collected any sum purporting to be tax under column numbers (4)(6) and (8) of sub item Nos. 12 to 32 of item number (iv) of sub clause 18 of clause 3 of the Kerala Finance Bill, 2004 from the 1st day of April, 2004 as per sub clause (2) of clause 1 of the said Bill read with the provision in the Kerala Provisional Collection of Revenues Act, 1985 to the date of coming into force of the Kerala Finance Act, 2004 the amount so collected shall be deemed to have been validly collected under the provisions of the aforesaid Acts."

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): ശ്രീ. കെ. ബാബുവിന്റെ 283-ാം നമ്പർ ഭേദഗതിയിൽ ചില വാക്കുകളിൽ ഭേദഗതി വരുത്തി സ്വീകരിക്കുന്നു.

283. After clause 4(2) add the following as sub clause (3) namely:-

"(3) Notwithstanding anything contained in the Kerala Provisional Collection of Revenues Act, 1985 or in the Kerala General Sales Tax Act, 1963 or any judgment, decree or order of any court, if any registered dealer had collected any sum towards tax under columns (4), (6) and (8) of serial numbers 12 to 32 of item (iv) of sub-clause 18 of clause 3 of the Kerala Finance Bill, 2004 from the 1st day of April, 2004 as per the sub-clause (2) of clause 1 of the said Bill read with the provisions in the Kerala Provisional Collection of Revenues Act, 1985 to the date of publication of the Kerala Finance Act, 2004 in the Gazette shall be deemed to have been validly collected under the provisions of the aforesaid Acts".

LIBRARY ARCHIVES Kerala Legislative Assembly

Purporting to be എന്നതിനു പകരം towards എന്നും column numbers എന്നതിൽ numbers എന്ന വാക്ക് ഒഴിവാക്കിയും sub item Nos. എന്നത് serial numbers എന്നും item number എന്നതിലെ number എന്ന പദം ഒഴിവാക്കിയും coming into force എന്നത് publication എന്നും the amount so collected എന്നതിനു പകരം in the Gazette എന്നുമാണ് ഞാൻ വരുത്തുന്ന ഭേദഗതികൾ.

എന്റെ ഓറൽ ഭേദഗതിയും ഭേദഗതിചെയ്ത പ്രകാരമുള്ള ശ്രീ. കെ. ബാബുവിന്റെ 283-ാം നമ്പർ ഭേദഗതിയും അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മന്ത്രിയുടെ ഓറൽ ഭേദഗതിയും ഭേദഗതിചെയ്തപ്രകാരമുള്ള ശ്രീ. കെ. ബാബു അവതരിപ്പിച്ച 283-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

5-ാം വകുപ്പ്

ശ്രീ. കെ. ബാബു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസാരിക്കുന്നില്ല.

(286) In section 4(2)(cc) of the Act 32 of 1976 proposed to be inserted by clause 5(2)(ii), for the words "is more than Rupees five hundred per day per room" substitute the words "five hundred rupees or more per day or part thereof per room".

ശ്രീ. ജോണി നെല്ലൂർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(290) In the entry against section 4(2)(cc) of the Act 32 of 1976 proposed to be inserted by clause 5(2)(ii), the words "ten per cent of such rate" shall be substituted by the words "five per cent of such rate".

(291) In section 4(d) of the Act 32 of 1976 proposed to be substituted by clause 5(2)(iii), the entries "fifteen per cent of such rate" shall be substituted by "ten per cent of such rate".

LIBRARY ARCHIVES Kerala Legislative Assembly

(292) Clause 5(2)(iv) shall be deleted.

(296) In section 4C (2) of the Act 32 of 1976 proposed to be inserted by clause 5(3) the words "one thousand rupees" shall be substituted by the words "five hundred rupees" and the words "five hundred rupees" shall be substituted by the words "two hundred and fifty rupees".

പ്രൊഫ. എ. ഡി. മുസ്തഫ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസാരിക്കുന്നില്ല.

(294) In the sub section 2A proposed to be inserted in section 4 of Act 32 of 1976, by clause 5(2)(iv) add at the end "or part thereof".

ശ്രീ. ടി. വി. ചന്ദ്രമോഹൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസാരിക്കുന്നില്ല.

(295) In the new section 4C (1) proposed to be inserted in the Act 32 of 1976, by clause 5 (3) after the word "cruising" add "or travel".

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): ഭേദഗതികളൊന്നും സ്വീകാര്യമല്ല.

ശ്രീ കെ. ബാബു അവതരിപ്പിച്ച 286-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 290, 291, 292, 296 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. എ. ഡി. മുസ്തഫ അവതരിപ്പിച്ച 294-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവിലിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ചന്ദ്രമോഹൻ അവതരിപ്പിച്ച 295-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

7-ാം വകുപ്പ്

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(313) In section 13(2) of Act 15 of 1994 proposed to be substituted by clause 8(3) for "within twenty days" substitute "within forty-five days".

Shri M. Murali: Sir, I move the following amendment:

(314) In section 13(2) of Act 15 of 1994 proposed to be substituted by clause 8(3) for "notified by the Government in this behalf" substitute "as may be prescribed".

Shri K. C. Joseph: Sir, I move the following amendment:

(321) In the schedule of Act 15 of 1994 proposed to be inserted by sub clause (8) of clause 8, the serial numbers 44, 48, 50, 54, 55, 56 and 59 and entries against them shall be deleted and re-numbered accordingly.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, ശ്രീ. ഡൊമിനിക് പ്രസന്റേഷന്റെ 311-ാം നമ്പർ ഭേദഗതി അദ്ദേഹമില്ലാത്തതുകൊണ്ട് ഞാൻ ഓറലായി അവതരിപ്പിക്കുന്നു.

In the section 13(2) of the Act 15 of 1994 proposed to be substituted by clause 8(3) for the words "within 30 days" substitute the words "within thirty days".

മറ്റു ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഓറൽ അമെൻഡ്മെന്റ് സഭ അംഗീകരിച്ചു.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ അവതരിപ്പിച്ച 313-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. മുരളി അവതരിപ്പിച്ച 314-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 321-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): 2004-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2004-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

ഓർഡർ, ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2004 ജൂലൈ മാസം 27-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്കുശേഷം 12.50-ന് സഭ പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly